"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 2039-Excise എന്ന ശീർഷകത്തിൽ വകുപ്പിന് പദ്ധതിയിനത്തിൽ ഭരണാനുമതി നൽകിയ എക്സൈസ് വകുപ്പിന്റെ നവീകരണം'എന്ന കമ്പോണന്റിലുള്ള തുക റിവൈസ് ചെയ്ത് ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.237/2022/TAXES തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:- 1. സ ഉ (കൈ) നം34/2021/നിവ തീയതി 01/07/2021

2. എക്സൈസ് കമ്മീഷണറുടെ 18/12/2021 തീയതിയിലെ

EXC/3586/2020-XFB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 2039-Excise എന്ന ശീർഷകത്തിൽ വകുപ്പിന് പദ്ധതിയിനത്തിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 'എക്സൈസ് വകുപ്പിന്റെ നവീകരണം' എന്ന ഇനത്തിലെ 9-ാമത്തെ ഘടകമായ മോഡേൺ ഇന്ററോഗേഷൻ റൂമിന്റെ ഏറ്റവും കുറഞ്ഞ രീതിയിലുള്ള നിർമ്മാണ ചെലവിന് 22.5 ലക്ഷം രൂപ പ്രതീക്ഷിക്കുന്നുണ്ടെന്നും നിലവിൽ വകയിരുത്തിയിട്ടുള്ളത് 20 ലക്ഷം രൂപയാണെന്നും കൂടാതെ 10-ാമത്തെ കംപോണന്റായ ഐ.റ്റി ഓഫീസ് നവീകരണത്തിൽ മാക് ബുക്ക്, ഐ മാക് കംപ്യൂട്ടറുകൾ പർച്ചേസ് ചെയ്യുന്നതിലും 70,000/- രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും നിലവിൽ വകയിരുത്തിയിട്ടുള്ളത് 5 ലക്ഷം രൂപയാണെന്നും പദ്ധതിയിനത്തിലെ 8-ാമത്തെ ഘടകമായ ഇ-ലൈബ്രറിക്ക് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും വകുപ്പിൽ ഇ-ലൈബ്രറി കുറഞ്ഞ ചെലവിൽ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിനാൽ മേൽ ഘടകങ്ങൾ നടപ്പിൽ വരുത്തുന്നതിന് അധികം ചെലവാകുന്ന തുക (2.5+0.7=3.20 ലക്ഷം രൂപ) ഇ-ലൈബ്രറിക്ക് (ഘടകം 8) അനുവദിച്ചിട്ടുള്ള 5 ലക്ഷം രൂപയിൽ മിച്ചം വരുന്ന തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും എക്സൈസ് കമ്മിഷണർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മോഡേൺ ഇന്ററോഗേഷൻ റൂം, മാക് ബുക്ക്, ഐ മാക് കംപ്യൂട്ടറുകൾ പർച്ചേസ് എന്നിവ നടപ്പിൽ വരുത്തുന്നതിന് അധികം ചെലവാകുന്ന തുക (2.5+0.7=3.20 ലക്ഷം രൂപ) ഇ-ലൈബ്രറിക്ക് (ഘടകം 8) അനുവദിച്ചിട്ടുള്ള 5 ലക്ഷം രൂപയിൽ മിച്ചം വരുന്ന തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ഡെപ്യൂട്ടിസെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് , ERSA), കേരളം, തിരുവനന്തപുരം.

3.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4.ധനവകുപ്പ്(EXP-B1/614/2021-FIN dated 27/03/2022 പ്രകാരം)

5.കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Vinu A**
**Date: 31-03-2022 15:41:08**
സെക്ഷൻ ഓഫീസർ